# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3213

03.04.2013 - ൽ മറുപടി
നൽകേണ്ടിയിരുന്നത്

## എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം

**ചോദ്യം**

ശ്രീ.എ.കെ.ബാലൻ

എ) ഗ്രാമപഞ്ചായത്തുകൾ മുഖേന 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം എപ്രകാരമായിരുന്നു ; മുൻ വർഷത്തെ ബാക്കിയും ബജറ്റ് വിഹിതവും ചേർത്ത് എത്ര തുകയാണ് ചെലവഴിക്കേണ്ടിയിരുന്നത് ; അതിന്റെ എത്ര ശതമാനം ചെലവഴിച്ചു ;

ബി) ഈ ഫണ്ടിന്റെ വിനിയോഗം 2006-07 മുതൽ 2011-12 വരെ എത്ര ശതമാനമായിരുന്നു;

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)

എ) എസ്.സി.പി. വിഹിതത്തിൽ 2011-12 വർഷം പ്രാരംഭ ബാക്കിയുൾപ്പെടെ 539.98 കോടി രൂപ ചെലവഴിക്കേണ്ടിയിരുന്നത് 69.9 ശതമാനം ആണ് ചെലവഴിച്ചത്. 2012-13 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 543.97 കോടി രൂപ ലഭ്യമായതിൽ 62.54 ശതമാനം ആണ് ചെലവഴിച്ചത്.

ടി.എസ്.പി. വിഹിതത്തിൽ 2011-12 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 79.96 കോടി രൂപ ലഭ്യമായതിൽ 65.27 ശതമാനം ഫണ്ടാണ് ചെലവഴിച്ചത്. 2012-13 വർഷം പ്രാരംഭബാക്കിയുൾപ്പെടെ 92.28 കോടി രൂപ ലഭ്യമായതിൽ 62.61 ശതമാനം തുകയാണ് ചെലവഴിച്ചത്.

ബി) എസ്.സി.പി, റ്റി.എസ്.പി. ഫണ്ട് വിനിയോഗ ശതമാനം ചുവടെ ചേർക്കുന്നു.

| വർഷം | എസ്.സി.പി | റ്റി.എസ്.പി. |
|---|---|---|
| 2006-07 | 85.65 | 84.65 |
| 2007-08 | 82.83 | 86.07 |
| 2008-09 | 65.49 | 74.06 |
| 2009-10 | 66.05 | 72.06 |
| 2010-11 | 54.89 | 65.18 |
| 2011-12 | 69.93 | 65.24 |

| | | | |
|---|---|---|---|
| സി) | **ഫണ്ട്** വിനിയോഗം കുറയാൻ **കാരണമെന്താണെന്നാണ് വിലയിരുത്തുന്നത്** ; | സി) | **ഫണ്ട് വിനിയോഗത്തിൽ** ഗണ്യമായ കുറവ് **വന്നിട്ടുള്ളതായി കാണുന്നില്ല.** ഗുണഭോക്താക്കളുടെ ലഭ്യത കുറവ് ഒരു **പരിധി വരെ ഫണ്ട്** വിനിയോഗത്തെ ബാധിച്ചിട്ടുള്ളതായി **കരുതുന്നു** |
| ഡി) | **ഫണ്ട്** വിനിയോഗം വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ **പോകുന്നതെന്ന്** വ്യക്തമാക്കുമോ ? | ഡി) | ഈ വർഷം ഡിസംബർ മാസമാകുമ്പോൾ 2013-14 വാർഷിക പദ്ധതി ചെലവുകൾ **പൂർത്തീകരിക്കേണ്ടതും** 2014 ജനുവരി, ഫെബ്രുവരി **മാസങ്ങളിൽ** 2014-15, 2015-16 വർഷങ്ങളിലേയ്ക്കുള്ള പ്രോജക്ടുകൾ **തയ്യാറാക്കേണ്ടതുമാണെന്നും തീരുമാനിച്ചിട്ടുണ്ട്** |

സെക്ഷൻ ഓഫീസർ